## പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 196**

**10.06.2013 -ന് മറുപടി നൽകേണ്ടിയിരുന്നത്**

### പോലീസിന്റെ ഹെൽമറ്റ് വേട്ടയ്ക്കിടെ രണ്ട് യുവാക്കൾ മരണപ്പെട്ട സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് തിരുവണ്ണൂരിൽ പോലീസിന്റെ ഹെൽമറ്റ് വേട്ടയ്ക്കിടെ രണ്ട് യുവാക്കൾ മരണപ്പെടാനിടയായ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കോഴിക്കോട് തിരുവണ്ണൂരിൽ 09.03.2013 ൽ രാത്രി 8.30 മണിയോടുകൂടി KL 15 7090 എന്ന കെ.എസ്.ആർ.ടി.സി. ബസ്സ് KL 11 Y 2931 എന്ന മോട്ടോർ സൈക്കിളിൽ ഇടിച്ച് മഹേഷ്, രാജേഷ് കുമാർ എന്നീ 2 പേർ മരണപ്പെട്ടത് പോലീസിന്റെ ഹെൽമറ്റ് പരിശോധനയ്ക്കിടെ അല്ല. പ്രസ്തുത സമയം പന്നിയങ്കര പോലീസ് നാലുചക്രവാഹനങ്ങളിലെ ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന പരിശോധന നടന്നിരുന്ന സമയത്താണ് അപകടം നടന്നത്. ടി സംഭവത്തിന് കാരണമായ KL 15 7090 K.S.R.T.C. യുടെ ഡ്രൈവർ മണികണ്ഠൻ എന്നയാളെ 19.03.2013 തീയതി അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | സംഭവത്തെത്തുടർന്ന് സർവ്വകക്ഷി യോഗത്തിൽ ഉണ്ടായ തീരുമാനങ്ങളും ആവശ്യങ്ങളും സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1) പന്നിയങ്കര എസ്.ഐ. ശ്രീ. അനിൽകുമാറിനെ മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

2) പന്നിയങ്കര സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ ഐ.എ.എസ്.നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

3) മരണപ്പെട്ട യുവാക്കളുടെ കുടുംബങ്ങൾക്ക് ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അഞ്ച് ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

4) & 5) ഈ സംഭവവുമായി ബന്ധപ്പെട്ട് 12 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. 63 പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി.

6) ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് ക്രൈം ഡിറ്റാച്ച്മെന്റ് എ.സി.പി. ശ്രീ. പി.എം. പ്രദീപ് അന്വേഷണം നടത്തിവരുന്നുണ്ട്.

7) പന്നിയങ്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 129/2013 U/s 143, 147, 323, 427 r/w 149 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ട് 2 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി.

8) റോഡരികിൽ ഒളിഞ്ഞ് നിന്നും, ഇരുട്ടത്ത് നിന്നും ഇരുചക്ര വാഹന പരിശോധന നടത്താറില്ല.

9) പോലീസ് കസ്റ്റഡിയിൽ എടുത്ത മുഴുവൻ നിരപരാധികളെയും വിട്ടയച്ചിട്ടുണ്ട്.

10) സർവ്വ കക്ഷി യോഗത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ 11.03.2013 ൽ നടത്താൻ നിശ്ചയിച്ചിരുന്ന എൽ.ഡി.എഫ്. മാർച്ച് മാറ്റിവെച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ